നമ്മുടെ ചുറ്റുപാടുകളിൽ ഈ ദിവസങ്ങളിൽ നടക്കുന്ന സംഭവങ്ങൾ വളരെ വേദനാജനകവും ആകുലതയും ഉളവാകുന്നതാണ്. ഒരിക്കലും കേട്ടുകേൾവിപോലും ഇല്ലാത്ത കാര്യങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. മക്കൾ അപ്പനെയും, അമ്മയെയും, ഭാര്യ ഭർത്താവിനെയും, ഭർത്താവ് ഭാര്യയെയും, അപ്പൻ മക്കളെയും കൊല്ലുന്നു. അല്പം പണത്തിനു വേണ്ടിയോ, അല്ലെങ്കിൽ സ്വത്തി നുവേണ്ടിയോ, കാമുകിക്കുവേണ്ടിയോ തുടങ്ങി ഏറ്റവും പ്രിയപ്പെട്ടവരുടെ ജീവനുപോലും യാതൊരു വിലയും കൊടുക്കാത്ത ഒരു സമൂഹത്തിലാണ് ഞാനും നിങ്ങളും ജീവിക്കുന്നത്.

കേരളത്തിൽ ആത്മഹത്യകൾ വർദ്ധിച്ചു വരുന്നു. ലഭ്യമായ കണക്കുകൾ പ്രകാരം 2021 – ൽ 9,549; 2022 – ൽ 10,162; 2023 – ൽ 10,843 ഇങ്ങനെ ആത്മഹത്യാകേസുകൾ റിപ്പോർട്ട് ചെയതിട്ടുണ്ട്. കണക്കുകളും റിപ്പോർട്ടുകളും ഇല്ലാത്ത ആത്മഹത്യകൾ എത്രയോധികം! മനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്ന ഇത്തരം വാർത്തകൾ ഓരോ ദിവസവും കൂടിവരുന്നു. ജീവനെന്നത് വിലമതിക്കാനാവാത്തതാണ്. അത് നശിപ്പിക്കാനോ, സ്വയമേ നഷ്ടപ്പെടുത്താനോ പാടില്ലാത്തതാണ്.

നാം ഈ ഭൂമിയിൽ ജനിച്ചത് നമ്മുടെ ആഗ്രഹത്താലോ, ഇഷ്ടത്താലോ അല്ല, ദൈവത്തിന്റെ ഇഷ്ടത്താൽ ഒന്നു മാത്രമാണ്. ഒരു ജീവൻ സ്ത്രീയുടെ ഉദരത്തിൽ ഉരുവാകുമ്പോൾ അതിന്റെ ഓരോ വളർച്ചയും അത്ഭുതം നിറഞ്ഞതാണ്. 9 മാസം, 9 ദിവസം, 9 മിനിറ്റ്, 9 സെക്കൻഡ് സമയംകൊണ്ട് ഒരു കുഞ്ഞ് അതിന്റെ പൂർണ്ണ വളർച്ചയെത്തി ജനിക്കുന്നു. ഇത് മഹാത്ഭുതമാണ്! ഒരു മനുഷ്യന്റെ ജനനത്തിൽ എത്രയോ പേർ സന്തോഷിക്കുന്നു. എന്നാൽ നാളുകൾ കഴിയുംതോറും ആ വ്യക്തിയിൽ കോപം, പക, മുൻവൈരാഗ്യം, മോഷണം, പക പോക്കൽ, പ്രേമ നൈരാശ്യം, കടബാധ്യത, മാരക രോഗങ്ങൾ, കുടുംബത്തകർച്ച, മദ്യം, മയക്കുമരുന്ന് ഇവയിൽ ഏതിലെങ്കിലും ഒക്കെ അടിമപ്പെട്ടു പോകുന്നു.

വിശുദ്ധ ബൈബിളിൽ, സങ്കീർത്തനം 139:13, 14 – ൽ പറയുന്നു: "നീയല്ലോ എന്റെ അന്തരംഗങ്ങളെ നിർമ്മിച്ചത്, എന്റെ അമ്മയുടെ ഉദരത്തിൽ നീ എന്നെ മെടഞ്ഞു. ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു." എന്നാൽ ഈ ജീവന് ഒരു വിലയും നാം കൊടുക്കുന്നില്ല. മനുഷ്യന്റെ സഹായം ദൈവത്തിന് ആവശ്യമില്ല. കാരണം ദൈവം സ്രഷ്ടാവാണ്. ദൈവം ഒരു മനുഷ്യന് ഭൂമിയിൽ ജീവിക്കുവാൻ 80 വയസ്സ് കൊടുക്കുന്നവെങ്കിൽ അവന്റെ ആയുസ്സ് 29,200 ദിവസം മാത്രമേയുള്ളൂ.

ആദിയിൽ ദൈവം മനുഷ്യനെ ആണും പെണ്ണുമായി സൃഷ്ടിച്ചു. മനുഷ്യന്റെ അനുസരണക്കേടിന്റെ ഫലമായി പാപം ചെയ്ത മനുഷ്യനെ ദൈവം നശിപ്പിച്ചുകളയാതെ അവനെ സ്നേഹിക്കുകയും, സംരക്ഷിക്കുകയും രക്ഷിക്കുകയും ചെയ്യുന്നു. ദൈവം മനുഷ്യന് ഇട്ട വില ദൈവത്തോളം തന്നേ ആയിരുന്നു. ബൈബിൾ പറയുന്നു: "ഒരു മനുഷ്യന്റെ പ്രാണന്റെ വില ഈ മുഴുലോകത്തേക്കാൾ വിലയേറിയതാണ്." ദൈവത്തിന്റെ വാക്ക് അനുസരിക്കുക എന്നത് മാത്രമാണ് ദൈവം മനുഷ്യനിൽ നിന്നും പ്രതീക്ഷിക്കുന്നത്.

ദൈവത്തിനു വേണമെങ്കിൽ പാപം ചെയ്ത മനുഷ്യനെ എന്തും ചെയ്യുവാൻ കഴിയുമായിരുന്നു. എന്നാൽ ദൈവം സ്നേഹ സമ്പൂർണ്ണൻ ആയതുകൊണ്ട് പാപം ചെയ്ത മനുഷ്യനെ തള്ളിക്കളയാതെ തന്റെ പുത്രനായ യേശു ക്രിസ്തുവിനെ നമുക്കുവേണ്ടി തന്ന് നമ്മെ സ്നേഹിച്ചു. (യോഹന്നാൻ 3:16). മനുഷ്യനെ രക്ഷിക്കുവാൻ യേശു നമ്മുടെ പാപങ്ങൾ വഹിച്ച് പാപത്തിനു പരിഹാരമായി, നാം മരിക്കേണ്ടുന്ന സ്ഥനത്ത്, യേശു നമുക്കുവേണ്ടി ക്രൂശിൽ മരിച്ചു. മൂന്നാം ദിവസം മരണത്തിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നു. യേശുവിനെ ഹൃദയത്തി ലേക്ക്

സ്വീകരിച്ച്, യേശുവിനെ രക്ഷകനായി വായ് കൊണ്ട് ഏറ്റു പറയുന്നവൻ രക്ഷിക്കപ്പെടും എന്ന് തിരുവചനത്തിൽ എഴുതിരിക്കുന്നു. (റോമർ 10:9).

ഇതു വായിക്കുന്ന സഹോദരാ, സഹോദരി, പാപമോചനം എന്നത് ദൈവത്തിന്റെ ദാനമാണ്. അതിന് നാം ഒരു വിലയും കൊടുക്കേണ്ട. രക്ഷ ദൈവം നമുക്ക് സൗജന്യമായി തന്നതാണ്. അതിന് ആരുടെയും സഹായം നമുക്ക് ആവശ്യമില്ല.

> "യേശുവേ, ഞാനൊരു പാപിയാണ്. എന്റെ പാപത്തിനു വേണ്ടി അങ്ങ് ക്രൂശിൽ മരിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങയുടെ വചനത്തിൽ പറഞ്ഞിരിക്കുന്ന പാപമോചനവും, രക്ഷയും, നിത്യ ജീവനും എനിക്ക് നൽകണമേ. ഞാൻ മരിക്കേണ്ടുന്ന സ്ഥാനത്ത് അങ്ങ് എനിക്കുവേണ്ടി മരിച്ചതിനാൽ ഞാൻ നന്ദി പറയുന്നു. യേശുവേ, എന്റെ ജീവിതത്തിൽ അങ്ങ് രക്ഷിതാവും കർത്താവും ആയിരിക്കേണമേ. എന്നെ ഒരു നാളും കൈവിടരുതേ, ഉപേക്ഷിക്കരുതേ. എന്നെ അങ്ങയുടെ മകനായി, മകളായി സ്വീകരിക്കേണമേ"

വിശ്വാസത്തോടെ ഈ പ്രാർത്ഥന പ്രാർത്ഥിക്കുക.
സർവ്വശക്തനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

**നിങ്ങൾ ഇതിനെക്കുറിച്ച് കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ വിവരങ്ങൾക്കും പ്രാർത്ഥനാ സഹായത്തിനും ഞങ്ങളുമായി ബന്ധപ്പെടുക.**

**REHOBOTH**
**CHARITABLE TRUST**
Umbidi P. O., Karukachal
contact@TheRabTrust.org

